# പതിമൂന്നാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *149

16.03.2015-ൽ
മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 ലെ പദ്ധതി വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ.സി.രവീന്ദ്രനാഥ്<br>ശ്രീ.ബാബു.എം.പാലിശ്ശേരി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് ഏറ്റവും ഒടുവിൽ അവലോകനം നടത്തിയത് എന്നായിരുന്നെന്ന് അറിയിക്കുമോ ;<br><br>ബി) പദ്ധതി വിനിയോഗം സംബന്ധിച്ച് വിശദാംശങ്ങൾ നൽകാമോ ; തന്നാണ്ടിലെ പദ്ധതി വിഹിതത്തിൽ നിന്ന് ട്രഷറിയിൽ നിന്നും മാറിയെടുത്തതായ മൊത്തം തുക സംബന്ധിച്ച വിവരം ലഭ്യമാണോ ; വ്യത്യസ്ത അക്കൌണ്ടുകളായി ചെലവഴിക്കാതെ കിടപ്പുള്ള മൊത്തം തുകയെത്ര ;<br><br>സി) തന്നാണ്ടിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം യഥാർത്ഥത്തിൽ ചെലവ് ചെയ്യുകയുണ്ടായിട്ടുണ്ട് ; മുൻവർഷത്തെ സ്പിൽ ഓവർ ഇനത്തിൽ ചെലവായ തുക സംബന്ധിച്ച വിവരം ലഭ്യമാണോ ; വിശദമാക്കാമോ ;<br><br>ഡി) പദ്ധതി പണവിനിയോഗം തൃപ്തികരമാണോ ; ഇതു സംബന്ധിച്ച് സർക്കാരിന്റെ വിലയിരുത്തൽ എന്താണ് ; | എ), ബി), സി) & ഡി)<br>സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2014-15 ലെ പദ്ധതി വിനിയോഗം സംബന്ധിച്ച് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 04.03.2015 ൽ അവലോകനം നടത്തി. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസന ഫണ്ടിനത്തിൽ ആകെ 2478.23 കോടി രൂപ (46.33 ശതമാനം)യും ഗ്രാമ പഞ്ചായത്തുകൾ 1356.69 കോടി രൂപ (49.63 ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ 380.11 കോടി രൂപ (56.09 ശതമാനം)യും ജില്ലാ പഞ്ചായത്തുകൾ 360.17 കോടി രൂപയും, (42.06 ശതമാനം) മുനിസിപ്പാലിറ്റി 226.82 കോടി രൂപ (46.03 ശതമാനം) കോർപ്പറേഷനുകൾ 154.71 കോടി രൂപ (32.06 ശതമാനം) യും ചെലവഴിച്ചതായി കാണപ്പെട്ടു.<br><br>ഇനിയും നിർവഹണത്തിനും പണവിനിയോഗത്തിനും 15 ദിവസങ്ങൾ |

| | | |
|---|---|---|
| | | ലഭിക്കുമെന്നതിനാൽ സാമ്പത്തിക വർഷം പൂർത്തിയായതിന് ശേഷം ലഭിക്കുന്ന കണക്കുകളിന്മേലേ ഇവ സംബന്ധിച്ച വ്യക്തത ഉണ്ടാകുകയുള്ളൂ. |
| ഇ) | സംസ്ഥാനം ഇപ്പോൾ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി ഏതെങ്കിലും തരത്തിൽ വിനിയോഗത്തെ ബാധിച്ചിട്ടുണ്ടോ ? | ഇ) ഇല്ല. നൽകിയ ഫണ്ടുപയോഗിക്കുന്ന മുറക്ക് കൂടുതൽ ഫണ്ട് നൽകാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ